REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 21-10-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദി ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ ഇന്ന് റഷ്യയിലേക്ക് തിരിക്കും.
- ജമ്മു കശ്മീരിൽ ഭീകരാക്രമണത്തിൽ ആറ് തൊഴിലാളികൾ കൊല്ലപ്പെട്ടു.
- സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിന് പ്രചാരണം ഊർജ്ജിതമായി. പത്രികാസമർപ്പണം വെള്ളിയാഴ്ച അവസാനിക്കും.
- ബംഗാൾ ഉൾക്കടലിലും ആൻഡമാൻ കടലിലും അടുത്ത 24 മണിക്കൂറിനകം ന്യൂനമർദം രൂപപ്പെടാൻ സാധ്യത. ദന ചുഴലിക്കാറ്റ് വ്യാഴാഴ്ച ഒഡീഷ- ബംഗാൾ തീരം കടന്നേക്കും.
- പ്രമുഖ കോൺഗ്രസ് നേതാവ് ലാൽ വർഗീസ് കൽപകവാടി അന്തരിച്ചു.
- വനിതാ ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പ് കിരീടം ന്യൂസിലൻഡിന്.

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്ര മോദി ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ ഇന്ന് റഷ്യയിലേക്ക് തിരിക്കും. ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക രാജ്യങ്ങളുൾപ്പെടുന്ന 16-ാം ബ്രിക്സ് ഉച്ചകോടി നാളെയാണ് റഷ്യയിലെ കസാനിൽ ആരംഭിക്കുന്നത്. രണ്ട് ദിവസത്തെ ഉച്ചകോടിക്കിടെ ബ്രിക്സ് അംഗങ്ങളുടെ നേതാക്കളുമായും, മറ്റ് ക്ഷണിതാക്കളുമായും പ്രധാനമന്ത്രി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും.**

2023-ൽ ദക്ഷിണാഫ്രിക്കയിൽ നടന്ന ഉച്ചകോടിയിൽ ഈജിപ്ത്, ഇറാൻ, എത്യോപ്യ, UAE രാജ്യങ്ങൾക്ക് ബ്രിക്സിൽ അംഗത്വം വാഗ്ദാനം ചെയ്തിരുന്നു. ഈ രാജ്യങ്ങളുൾപ്പെടെ ഒമ്പത് അംഗങ്ങളായി ഗ്രൂപ്പ് വിപുലീകരിച്ചതിന് ശേഷം ചേരുന്ന ആദ്യ ഉച്ചകോടിയാണിത്.

'ആഗോള വികസനത്തിനും, സുരക്ഷയ്ക്കും വേണ്ടി ബഹുരാഷ്ട്രവാദത്തെ ശക്തിപ്പെടുത്തുക' എന്ന വിഷയത്തിലാണ് കസാനിലെ ഉച്ചകോടി നടക്കുന്നത്.

✪✪✪

ജമ്മു കശ്മീരിൽ ഗാൻദെർബാൽ ജില്ലയിലെ ഗഗൻഗീർ മേഖലയിൽ സ്വകാര്യ കമ്പനിയുടെ തൊഴിലാളികളുടെ താമസസ്ഥലത്ത് ഭീകരർ നടത്തിയ ആക്രമണത്തിൽ ആറ് തൊഴിലാളികൾ കൊല്ലപ്പെട്ടു. നാല് പേർക്ക് പരിക്കേറ്റു. ഗുരുതരമായി പരിക്കേറ്റവരെ ശ്രീനഗറിലെ ആശുപത്രിയിലേക്ക് മാറ്റി.

ഡെസ്ക്ക് റിപ്പോർട്ട്

.........(വോയ്സ്)......

ശ്രീനഗർ-സോനാമാർഗിനെ എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ പാതയാക്കുന്നതിനായി ഗഗൻഗീറിൽ നിന്ന് സോനാമാർഗ് ടൂറിസ്റ്റ് റിസോർട്ടിലേക്ക് തുരങ്ക നിർമ്മാണത്തിനെത്തിയ തൊഴിലാളികളുടെ താമസ സ്ഥലത്താണ് ഭീകരാക്രമണമുണ്ടായത്. ജോലി കഴിഞ്ഞു തൊഴിലാളികളും മറ്റു ജീവനക്കാരും ക്യാംപിലേക്കു തിരിച്ചെത്തിയപ്പോഴായിരുന്നു ആക്രമണം. ഭീകരരെ കണ്ടെത്താൻ സുരക്ഷാസേന വ്യാപക തിരച്ചിൽ തുടരുകയാണ്.

ഗഗൻഗീറിൽ സാധാരണക്കാർക്ക് നേരെയുണ്ടായ ഭീകരാക്രമണം നിന്ദ്യമായ ഭീരുത്വമാണെന്ന് സംഭവത്തെ അപലപിച്ച കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. ഈ ഹീനകൃത്യത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ വെറുതെ വിടില്ലെന്നും നമ്മുടെ സുരക്ഷാ സേനയിൽ നിന്ന് ഏറ്റവും കടുത്ത പ്രതികരണം നേരിടേണ്ടിവരുമെന്നും സാമൂഹ്യ മാധ്യമപോസ്റ്റിൽ അദ്ദേഹം പറഞ്ഞു.

കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രി നിതിൻ ഗഡ്കരിയും ആക്രമണത്തെ അപലപിച്ചു.

✪✪✪

രാജ്യത്തെ ചെറുകിട- ഇടത്തരം നഗരങ്ങളെ വിമാന മാർഗ്ഗം വൻ നഗരങ്ങളുമായി ബന്ധിപ്പിക്കുന്നതിനും കുറഞ്ഞ ചെലവിൽ യാത്ര ചെയ്യണമെന്ന സാധാരണക്കാരുടെ അഭിലാഷം നിറവേറ്റുന്നതിനും ഉദ്ദേശിച്ച് കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ ഉഡാൻ പദ്ധതി എട്ട് വർഷം പൂർത്തിയാക്കി. 2016 ഒക്ടോബർ 21-ന് വ്യോമയാന മന്ത്രാലയമാണ് പദ്ധതി ആരംഭിച്ചത്. ഇതിന് കീഴിൽ, ആദ്യത്തെ RCS- UDAN വിമാനം 2017 ഏപ്രിൽ 27-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു.

പദ്ധതി ആരംഭിച്ച ശേഷം 600-ലധികം ഉഡാൻ റൂട്ടുകൾ പ്രവർത്തനക്ഷമമാക്കി. ഒരു കോടി നാൽപ്പത്തിനാല് ലക്ഷത്തിലധികം പേരാണ് വിമാനങ്ങളിൽ യാത്ര ചെയ്തത്. ഈ പദ്ധതി ഇതുവരെ 34 സംസ്ഥാനങ്ങളെയും കേന്ദ്ര ഭരണ പ്രദേശങ്ങളെയും ബന്ധിപ്പിച്ചിട്ടുണ്ട്.

✪✪✪

വർഗീയ ശക്തികൾ ഒരേ സ്വരത്തിലാണ് ഗവൺമെന്റിനെയും എൽഡിഎഫിനെയും എതിർക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു . ജനങ്ങളോട് ഒരു കാര്യവും മറച്ചുവെക്കാനില്ലെന്നും എല്ലാകാലത്തും CPIM നെ വേട്ടായാടാനുള്ള ശ്രമം ശത്രുവർഗത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. CPIM ന്റെ ആദ്യ സംസ്ഥാന സെക്രട്ടറി ആയിരുന്നു C.H കണാരൻ ചരമ വാർഷികത്തിന്റെ ഭാഗമായി തലശ്ശേരിയിൽ നടന്ന അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിന് പ്രചാരണം ഊർജ്ജിതമായി. നാമനിർദ്ദേശ പത്രികാ സമർപ്പണത്തിന് അഞ്ച് ദിവസം മാത്രം ബാക്കി നിൽക്കെ പ്രധാന സ്ഥാനാർത്ഥികളൊന്നും ഇതുവരെ പത്രിക നൽകിയിട്ടില്ല. ഇന്നും നാളെയും മറ്റന്നാളുമായി ഇവർ പത്രിക നൽകുന്നതോടെ പ്രചാരണം കൂടുതൽ സജീവമാകും. വയനാട് ലോക് സഭാ മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലുമായി അടുത്ത മാസം 13 നാണ് വോട്ടെടുപ്പ്. 23 ന് വോട്ടെണ്ണും.

✪✪✪

BJP യെ തോൽപ്പിക്കാൻ എല്ലാ തെരഞ്ഞെടുപ്പ് കാലത്തും കേരളത്തിൽ LDF-UDF ധാരണ ഉണ്ടായിരുന്നുവെന്ന് BJP സംസ്ഥാന അധ്യക്ഷൻ K.സുരേന്ദ്രൻ ആരോപിച്ചു. എന്നാൽ ഇത്തവണ അത്തരം ധാരണകൾ വിജയിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ

പൊതുവിഷയത്തിലെല്ലാം LDF-UDF ധാരണയുണ്ടെന്നും ആ ധാരണയുടെ പൊളിച്ചെഴുത്താവും നിയമസഭാ ഉപതെരഞ്ഞെടുപ്പെന്നും സുരേന്ദ്രൻ കോഴിക്കോട്ട് പറഞ്ഞു.

✪✪✪

കണ്ണൂർ ADM ആയിരുന്ന കെ.നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി.പി.ദിവ്യ നൽകിയ മുൻകൂർ ജാമ്യാപേക്ഷ കോടതി ഇന്ന് പരിഗണിച്ചേക്കും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ

വോയ്സ് ..............

✪✪✪

വെടിക്കെട്ടുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് പുറത്തിറക്കിയ പുതിയ ഉത്തരവ് തൃശ്ശൂർ പൂരത്തിന്റെ എല്ലാവിധ ഭംഗിയും നഷ്ടപ്പെടുത്തുമെന്ന് മന്ത്രി കെ.രാജൻ പറഞ്ഞു. പൂരം നടത്തിപ്പ് പ്രതിസന്ധിയിലാക്കുന്നതാണ് പുതിയ ഉത്തരവെന്നും ഇക്കാര്യം ചൂണ്ടികാട്ടി പ്രധാനമന്ത്രിക്കും കേന്ദ്രമന്ത്രി പീയുഷ് ഗോയലിനും കേരളത്തിൽ നിന്നുള്ള മന്ത്രിമാർക്കും കത്തയച്ചിട്ടുണ്ടെന്നും കെ.രാജൻ തൃശ്ശൂരിൽ പറഞ്ഞു. തേക്കിൻകാട് മൈതാനിയിൽ കരിമരുന്നു പ്രയോഗം സാധ്യമാവില്ലെന്നും മന്ത്രി പറഞ്ഞു.

200 മീറ്റർ ഫയർ ലൈൻ നടപ്പാക്കിയാൽ തേക്കിൻകാട് മൈതാനിയിൽ വെടിക്കെട്ട് നടത്താൻ സാധിക്കില്ല. ഫയൽലൈനും ആളുകളും തമ്മിലെ അകലം 100 മീറ്റർ വേണമെന്നും ഉത്തരവിലുണ്ട്. തേക്കിൻകാട് മൈതാനിയിൽ ഇതിന് വേണ്ട സൗകര്യങ്ങളില്ല. ഈ അകലം 60 മുതൽ 70 മീറ്റർ വരെയായി കുറയ്ക്കണമെന്നും മന്ത്രി പറഞ്ഞു.

✪✪✪

കിഴക്കൻ മധ്യ ബംഗാൾ ഉൾക്കടലിലും അതിനോട് ചേർന്ന വടക്കൻ ആൻഡമാൻ കടലിലും അടുത്ത 24 മണിക്കൂറിനകം ന്യൂനമർദം രൂപപ്പെടാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇത് പടിഞ്ഞാറ് വടക്ക് പടിഞ്ഞാറ് ദിശയിലേക്ക് നീങ്ങി നാളെ രാവിലെയോടെ ന്യൂനമർദമായും ബുധനാഴ്ചയോടെ ദന

ചുഴലിക്കാറ്റായും മാറാൻ സാധ്യതയുണ്ട്. വ്യാഴാഴ്ച രാവിലെ ചുഴലിക്കാറ്റ് മണിക്കൂറിൽ നൂറ് മുതൽ 120 കിലോമീറ്റർ വരെ വേഗത്തിൽ ഒഡീഷ - പശ്ചിമബംഗാൾ തീരം കടന്നേക്കുമെന്ന് IMD ഡയറക്ടർ ജനറൽ ഡോ.മൃത്യുഞ്ജയ് മൊഹപത്ര പറഞ്ഞു. ഒഡീഷയിൽ ചുഴലിക്കാറ്റിനെ നേരിടാൻ ഒരുക്കങ്ങൾ ഊർജ്ജിതമാക്കി.

കേരളം, തമിഴ്നാട്, പുതുച്ചേരി, കർണാടക എന്നിവിടങ്ങളിൽ അടുത്ത മൂന്നു ദിവസം കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് എല്ലാ തീരദേശ ജില്ലകളിലും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രത്തിന്റെ ഓറഞ്ച് ജാഗ്രത തുടരുകയാണ്.

കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ട്. തീരദേശ മേഖലകളിൽ, പ്രത്യേകിച്ച് താഴ്ന്ന പ്രദേശങ്ങളിൽ, വെള്ളം കയറാനും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും കേന്ദ്രം മുന്നറിയിപ്പ് നൽകി.

✪✪✪

സംസ്ഥാനത്ത് അടുത്ത മൂന്ന് ദിവസം ചിലയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

✪✪✪

കർഷക കോൺഗ്രസ് മുൻ സംസ്ഥാന പ്രസിഡന്റും കിസാൻ കോൺഗ്രസ് അഖിലേന്ത്യ വൈസ് പ്രസിഡന്റുമായ ലാൽ വർഗീസ് കൽപകവാടി അന്തരിച്ചു. അദ്ദേഹത്തിന് 70 വയസ്സായിരുന്നു. തിരുവല്ലയിലെ സ്വകാര്യ മെഡിക്കൽ കോളജിൽ ഇന്നലെ രാത്രി 9 നായിരുന്നു അന്ത്യം.

ഹോർട്ടികോർപ് ചെയർമാൻ, കർഷക ക്ഷേമനിധി ബോർഡ് അംഗം തുടങ്ങിയ പദവികളും വഹിച്ചിട്ടുണ്ട്. 2020ൽ UDF സ്ഥാനാർഥിയായി രാജ്യസഭയിലേക്കു മത്സരിച്ചെങ്കിലും പരാജയപ്പെട്ടു.ദേശീയതലത്തിൽ കോൺഗ്രസിന്റെ കർഷക സംഘടന രൂപവത്കരിക്കുന്നതിന് ലാൽ വർഗീസ് കൽപകവാടിയെ 2016 ൽ കിസാൻ കോൺഗ്രസ് ദേശീയ കോഓഡിനേറ്റർ ആയി എ.ഐ.സി.സി നിയമിച്ചു. സംസ്കാരം നാളെ വൈകിട്ട് 4.30ന്.

✪✪✪

കോഴിക്കോട് ഉണ്ണിക്കുളത്ത് 11 വയസ്സുകാരൻ പുഴയിൽ മുങ്ങി മരിച്ചു. കോട്ടക്കുന്ന് ഇയ്യാട് C.C.A.U.P സ്കൂൾ ആറാം ക്ലാസ് വിദ്യാർത്ഥി ആദിൽ ആണ് മരിച്ചത്. കൂട്ടുകാരോടൊപ്പം കുളിക്കാനിറങ്ങിയപ്പോൾ ഒഴുക്കിൽപ്പെടുകയായിരുന്നു.

✪✪✪

കോഴിക്കോട് കക്കട്ടിൽ വാഹനാപകടത്തിൽ സ്കൂട്ടർ യാത്രക്കാരൻ ബസിനടിയിൽപ്പെട്ട് മരിച്ചു. നരിപ്പറ്റ സ്വദേശി രാജേഷാണ് മരിച്ചത് .

✪✪✪

വനിതാ ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പ് കിരീടം ന്യൂസിലൻഡിന്. ദുബായിൽ ദക്ഷിണാഫ്രിക്കയെ 32 റൺസിന് തോൽപ്പിച്ചാണ് ന്യൂസിലൻഡ് ആദ്യകിരീടം സ്വന്തമാക്കിയത്.

ആദ്യം ബാറ്റ് ചെയ്ത ന്യൂസിലൻഡ് ഇരുപത് ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 158 റൺസെടുത്തു. 159 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ദക്ഷിണാഫ്രിക്കയ്ക്ക് ഒമ്പത് വിക്കറ്റിന് 126 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ.

✪✪✪

ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സിന് ജയം. കൊൽക്കത്തയിൽ മൊഹമ്മേദൻ SC യെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് ബ്ലാസ്റ്റേഴ്സ് തോൽപ്പിച്ചത്.

ഇന്ന് ജംഷഡ്പൂർ FC ഹൈദരാബാദ് FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ജംഷഡ്പൂരിലാണ് മത്സരം.

✪✪✪

സൂപ്പർ ലീഗ് ഫുട്ബോളിൽ കാലിക്കറ്റ് FC, ഫോഴ്സ കൊച്ചിയെ എതിരില്ലാത്ത ഒരു ഗോളിന് തോൽപ്പിച്ചു. കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടന്ന എട്ടാം റൗണ്ടിലെ അവസാന മത്സരത്തിൽ ഇഞ്ചുറി ടൈമിൽ നേടിയ ഗോളിനാണ് കലിക്കറ്റിന്റെ ജയം.

ബ്രസീൽ താരം റാഫേൽ സാന്റോസാണ് കാലിക്കറ്റിന്റെ വിജയഗോൾ നേടിയത്.

എട്ട് കളികളിൽ നിന്ന് 16 പോയന്റുമായി കാലിക്കറ്റ് പട്ടികയിൽ ഒന്നാം സ്ഥാനത്തും, 10 പോയന്റ് ലഭിച്ച കൊച്ചി നാലാം സ്ഥാനത്തുമാണ്.

✪✪✪

റായ്പൂരിൽ സമാപിച്ച 27-ാമത് ഓൾ ഇന്ത്യ ഫോറസ്റ്റ് സ്പോർട്സ് മീറ്റിൽ 174 മെഡലുകൾ നേടി ഛത്തീസ്ഗഡ് ഓവറോൾ ചാമ്പ്യന്മാരായി. 103 മെഡലുകളുമായി കേരളം രണ്ടാം സ്ഥാനത്തും, 88 മെഡലുകൾ ലഭിച്ച മധ്യപ്രദേശ് മൂന്നാം സ്ഥാനത്തുമാണ്.

✪✪✪

66-ാംമത് കോഴിക്കോട് റവന്യൂ ജില്ലാ സ്കൂൾ കായിക മേള ഇന്ന് മെഡിക്കൽ കൊളേജ് ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിൽ ആരംഭിക്കും. ആറ് വിഭാഗങ്ങളിലായി 102 ഇനങ്ങളിലാണ് മത്സരം.

✪✪✪

കണ്ണൂർ റവന്യൂ ജില്ല സ്കൂൾ കായികമേള ഇന്ന് തലശ്ശേരിയിൽ ആരംഭിക്കും. 5 ഉപജില്ലകളിൽ നിന്നുള്ള 2,500 ലധികം കുട്ടികൾ കായികോത്സവത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

മലപ്പുറം റവന്യൂ ജില്ലാ സ്കൂൾ കായികമേള ഇന്ന് മുതൽ 23 വരെ കാലിക്കറ്റ് സർവ്വകലാശാല സ്റ്റേഡിയത്തിൽ നടക്കും. 17 ഉപജില്ലകളിൽ നിന്നായി 5000 ത്തോളം കായിക താരങ്ങൾ മേളയിൽ പങ്കെടുക്കും.

✪✪✪

നാഷണൽ ട്രസ്റ്റ് മലപ്പുറം ലോക്കൽ ലെവൽ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ പെരിന്തൽമണ്ണ അങ്ങാടിപ്പുറത്ത് ലീഗൽ ഗാർഡിയൻഷിപ്പ് സ്പെഷ്യൽ ക്യാമ്പ് സംഘടിപ്പിച്ചു.

18 ന് മുകളിൽ പ്രായക്കാരായ ഓട്ടിസം, സെറിബ്രൽ പാൾസി, മെന്റൽ റിട്ടാഡേഷൻ, മൾട്ടിപ്പിൾ ഡിസബിലിറ്റി തുടങ്ങിയ വിഭാഗങ്ങളിൽപെട്ട ഭിന്നശേഷിക്കാർക്ക് സമ്പൂർണ്ണമായി ലീഗൽ ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന്റെ ഭാഗമായാണ് ക്യാമ്പ് സംഘടിപ്പിച്ചത്.

പെരിന്തൽമണ്ണ, മങ്കട, വണ്ടൂർ ബ്ലോക്ക് പഞ്ചായത്തുകളിലെ 69 അപേക്ഷകൾ തീർപ്പാക്കി.

✪✪✪